കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിൽ ക്രമക്കേട്.

* 523. [7] ശ്രീ. സി. എ. മാത്യു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികാദായനികുതി തിട്ടപ്പെടുത്തുന്നതിൽ ക്രമക്കേട് കാണിച്ചതിന്റെ പേരിൽ ഉദ്യോഗസ്ഥന്മാരുടെ മേൽ നടപടി കൈക്കൊള്ളണമെന്നു കാണിച്ച് എത്ര പരാതികൾ 1963–64 വർഷത്തിൽ ഗവണ്മെന്റിനു ലഭിക്കുകയുണ്ടായി ;

(ബി) ഈ പരാതികളിന്മേൽ എന്തു നടപടി ഗവണ്മെന്റ് കൈക്കൊണ്ടു ;

(സി) ഏതെങ്കിലും ഉദ്യോഗസ്ഥനെ ഗവണ്മെന്റ് ഇക്കാര്യത്തിനു ശിക്ഷിച്ചിട്ടുണ്ടോ ?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) 4 പരാതികൾ ലഭിക്കുകയുണ്ടായി.

(ബി) അന്വേഷണം നടത്തി.

(സി) ഇല്ല.

ശ്രീ. എം. എം. മത്തായി : കാർഷികാദായ നികുതി തിട്ടപ്പെടുത്തുന്ന ഉദ്യോഗസ്ഥന്മാർ വസ്തുക്കൾ നേരിട്ടുപോയിക്കാണുകയോ, കൃഷിയെപ്പറ്റി നേരിട്ടു മനസ്സിലാക്കുകയോ ചെയ്യാതെ വില്ലേജ് ആഫീസറന്മാരുടെ കണക്കനുസരിച്ചുള്ള വിസ്തീർണ്ണം നോക്കി നികുതി തിട്ടപ്പെടുത്തുന്നതായി ഗവണ്മെന്റിനറിയാമോ ? കാർഷികാദായനികുതി തിട്ടപ്പെടുത്തുമ്പോൾ നേരിട്ട് സ്ഥലം കണ്ട് തിട്ടപ്പെടുത്തണമെന്ന വ്യവസ്ഥചെയ്യുമോ ?

ശ്രീ. ആർ. ശങ്കർ : അങ്ങനെ ചില പരാതികൾ ഉണ്ടായിട്ടുണ്ട്. അപ്രകാരം ചെയ്യരുതെന്നും, കഴിവുള്ളപ്പോഴെല്ലാം തന്നെ, ഫിസിക്കൽ വെരിഫിക്കേഷൻ നടത്തിയേ അസ്സസ്സ് ചെയ്യാവൂ എന്നും, രണ്ടുകൊല്ലത്തിൽ ഒരിക്കലെങ്കിലും ഉദ്യോഗസ്ഥന്മാർ എല്ലാ സ്ഥലവും സന്ദർശിക്കണമെന്നും നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. എം. എ. ജോൺ : കാർഷികാദായ നികുതി തിട്ടപ്പെടുത്തുന്നതു് അതാതുവർഷത്തെ ഏറ്റവും വലിയ മാർക്കറ്റുവിലയെ അടിസ്ഥാനമാക്കിയായതുകൊണ്ട് കൃഷിക്കാർക്ക് വളരെ വിഷമമുള്ളതായി ഗവണ്മെന്റ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ആർ. ശങ്കർ : ഓരോ ഡിസ്ട്രിക്റ്റിലും ഉള്ള ആവറേജ് വില മാത്രമേ കണക്കാക്കാവൂ എന്ന നിർദ്ദേശം കൊടുത്തിട്ടുണ്ട്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : കാപ്പി, തേയില, കശുമാങ്ങ തുടങ്ങിയ എസ്റ്റേറ്റുകളിലെ ചെലവ് ചെടികൾ എണ്ണി കണക്കാക്കാതെയീൽഡിന്റെ അടിസ്ഥാനത്തിൽ അനുവദിക്കുന്നതുകൊണ്ട് ഉടമസ്ഥന്മാർക്ക് വിഷമമുണ്ടെന്നുള്ള വിവരം അറിയാമോ ?

ശ്രീ. ആർ. ശങ്കർ : തേയിലത്തോട്ടങ്ങളിൽ ചെടി എണ്ണിനോക്കി ചെയ്യാൻ വിഷമമാണ്. കാപ്പിത്തോട്ടങ്ങളിൽ ചിലപ്പോൾ സാധിച്ചേക്കും. പ്ലാന്റ് ചെയ്തിട്ടുള്ള സ്ഥലങ്ങളുടെ ഏക്കറേജ് നോക്കിയാണ് ചെലവ് അനുവദിക്കുന്നത്. ഇതിലുള്ള പരാതികൾ തീരത്തക്കവണ്ണം അടുത്തകാലത്ത് വ്യവസ്ഥചെയ്തിട്ടുണ്ട്.

† Put by Shri M. M. Mathai.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഈ. പി. ഗോപാലൻ : കാർഷികാദായ നികുതിയിൽ വരുന്ന ആക്ഷേപങ്ങളേപ്പറ്റിയും സെയിൽസ് ടാക്സിൽ വരുന്ന ആക്ഷേപങ്ങളെപ്പറ്റിയും ചർച്ചചെയ്യുന്നതിനായി ബന്ധപ്പെട്ട മന്ത്രി രണ്ടുകൊല്ലം മുമ്പ് എം. എൽ. എ മാരെ കൂടി വിളിച്ച് നടത്തിയ റിജിയണൽ കാൺഫറൻസിൽ ഉണ്ടായ നിർദ്ദേശങ്ങളും ഗവണ്മെന്റ് നടപ്പിലാക്കിയോ? അത്തരം സമ്മേളനങ്ങളും ഫലപ്രദമാണെന്നു കണ്ടെങ്കിൽ പിന്നെയും നടത്താത്തതെന്താണ്?

ശ്രീ. ആർ. ശങ്കർ : കാർഷികാദായനികുതിയെ സംബന്ധിച്ചും സെയിൽസ് ടാക്സിനെ സംബന്ധിച്ചും വളരെ പരാതികളും ഉണ്ടായിരുന്ന സമയത്താണ് അപ്രകാരം ചെയ്തത്. അന്ന് എം. എൽ. എ. മാരും, അഡ്വൈസറി കമ്മിറ്റി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാരും മന്ത്രിയുംകൂടി ചേർന്ന് നടത്തിയ കാൺഫറൻസിൽ പ്രത്യക്ഷമായി കണ്ട അഭിപ്രായങ്ങളെ മാനിച്ച് വേണ്ട നടപടികളും എടുക്കുകയും അങ്ങനെയുള്ള പരാതികളും വളരെയേറെ കുറയുകയും ചെയ്തിട്ടുണ്ട്. വളരെ അധികം പരാതികളും ഇപ്പോൾ ഇല്ലാത്തതുകൊണ്ടുപിന്നെ എം. എൽ. എ. മാരെ ബുദ്ധിമുട്ടിക്കേണ്ടതുണ്ടെന്നു തോന്നുന്നില്ല.

ശ്രീ. പി. എം. കുഞ്ഞിരാമൻ നമ്പ്യാർ : നാലു പരാതികളും കിട്ടീണ്ടെന്നു പറഞ്ഞു. അതേപ്പറ്റിയുള്ള അന്വേഷണത്തിന്റെ ഫലമെന്തായെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : ഒന്നാമത്തെ പരാതി, ഒരു എസ്സ്. കൃഷ്ണൻ നായർ അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആഫീസർ, മൂവാറ്റുപുഴയെപ്പറ്റി ജോസഫ് ജോർജ്ജ് മുണ്ടോപ്പുറത്ത് എന്നൊരാളും കൊടുത്തതാണ്. അയാളും ആളുകളെ വളരെ ഹാരസ്സ് ചെയ്യുന്നു എന്നാണ് പരാതി. അതേപ്പറ്റി അന്വേഷണം നടത്തീട്ട പരാതിക്കു പറയത്തക്ക അടിസ്ഥാനമുണ്ടെന്നു കണ്ടില്ല. പിന്നീട് കെ. ടി. ജോസഫ് അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് ആഫീസ്സർ പാലാ എന്ന ഉദ്യോഗസ്ഥനെപ്പറ്റി കേശവ പിള്ള എന്നൊരാളും ഒരു പരാതി അയച്ചിട്ടുള്ളതാണ്. അഞ്ഞൂറു രൂപ അയാളോടു കൈക്കൂലി ചോദിച്ചു എന്നുള്ളതാണ് പരാതി. ആ ആരോപണവും അന്വേഷണം നടത്തിയതിൽ തെളിഞ്ഞില്ല. മൂന്നാമത്തെ പരാതി ആർ. രാഘവൻ നായർ, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആഫീസർ ആലുവായെപ്പറ്റി ഒരു കെ. ആർ. ആർ. നായർ, പറവൂർ കൊടുത്തിട്ടുള്ള പരാതിയാണ്. അതിൽ മുഖ്യമായി പറഞ്ഞിരിക്കുന്നതു് അയാളുടെ അമ്മായി അപ്പന്റെ ചൊൽപ്പടിയിലാണ് എന്നും, അങ്ങനെ അമ്മായി അപ്പന്റെ ചൊൽപ്പടിയിൽ പ്രവർത്തിക്കുന്നതുകൊണ്ട് കാർഷികാദായനികുതി തിട്ടപ്പെടുത്തുന്ന കാര്യത്തിൽ തെറ്റായ നടപടി നടത്തുന്നു എന്നുമായിരുന്നു. അതേപ്പറ്റി അന്വേഷണം നടത്തിയതിൽ അങ്ങനെ ആ ഉദ്യോഗസ്ഥനു ഒരു അമ്മായി അപ്പൻ ജീവിച്ചിരിപ്പില്ലാ എന്നു കണ്ടു. പിന്നീടു വന്ന പരാതി ഒരു കെ. ആർ. ശ്രീധരൻ നായർ, അഗ്രിക്കൾച്ചറൽ ഇൻകംടാക്സ് ആഫീസർ, തിരുവനന്തപുരം എന്ന ഉദ്യോഗസ്ഥനെപ്പറ്റി ഒരു എം. കൃഷ്ണൻ നാടാർ, നെയ്യാറ്റിൻകരയിൽനിന്നും അയച്ച പരാതിയായിരുന്നു. അതുവേറെ ഒരാളിന്റെ അസസ്സ്മെന്റ് ഇല്ലാതെയാക്കുന്നതിനു അഞ്ഞൂറു രൂപ കൈക്കൂലി ചോദിച്ചു എന്നാണ്. അതേപ്പറ്റി അന്വേഷണം നടത്തിയതിൽ തെളിഞ്ഞതു്, പരാതിക്കാരനു നോട്ടീസ് അയച്ചതിൽ, "notice returned unserved, party not known" എന്നാണ്.

ട്രാൻസ്പോർട്ട് സർവ്വീസ്

* 524. [8] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഓരോ ട്രാൻസ്പോർട്ട് ഡിസ്ട്രിക്റ്റിലും എത്ര റൂട്ടുകളിൽ ട്രാൻസ്പോർട്ട് ബസ്സുകൾ ഓടുന്നുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly